## മെഡിക്കൽ ബിരുദാനന്തര പഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം

* 214 [246] ശ്രീ. എ.വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തരപഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ബിരുദാനന്തര പഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ;

(സി) പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവിലേക്ക് ഒ. ബി. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ബിരുദാനന്തര പഠനത്തിന് തെരഞ്ഞെടുക്കുമോ?

(ഡി) സീനിയോരിറ്റി അനുസരിച്ച് ബിരുദാനന്തര പഠനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ജനറൽ മെരിറ്റിലേയ്ക്കുള്ള 50 ശതമാനം സീറ്റുകളിലേയ്ക്കുള്ള പ്രവേശനവും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള 10 ശതമാനം സീറ്റുകളിലേക്കുള്ള പ്രവേശനവും എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ബാക്കി 40 ശതമാനം സീറ്റുകളും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുംവിധം വിഭജിച്ചിട്ടുണ്ട്.

| | |
|---|---|
| ട്യൂട്ടറന്മാർ | 30% |
| ഹെൽത്ത് സർവ്വീസ്സിലെ ഡോക്ടറന്മാർ | 10% |

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) സംവരണ തത്വം പാലിച്ചുകൊണ്ട് പി. എസ്സ്. സി. തയ്യാറാക്കിയ നിയമന ലിസ്റ്റിൽ വീണ്ടും സംവരണാനുകൂല്യം നൽകേണ്ടതില്ല.

## ഭരണഭാഷ മലയാളമാക്കാൻ നടപടി

* 215 [247] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭരണഭാഷ മലയാളമാക്കാനുള്ള തീരുമാനം ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly